ക്കുന്ന സ്ഥിതിയിലാണ്. അതുപോലെ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിൽനിന്നും കുറഞ്ഞ പലിശക്ക് പണം കൊടുത്തിട്ടുണ്ട്. അതൊക്കെ ഇന്ന് ഇല്ലാതായിരിക്കുന്നു. അതുകൊണ്ട് ഈ വ്യവസായം പുനരുദ്ധരിക്കുന്നതിന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി മുൻകയ്യെടുത്ത് ബന്ധപ്പെട്ടവരെ വിളിച്ച് ഇതിനു പരിഹാരം കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ): സർ, കൊല്ലം ജില്ലയിലെ 36 ഓട് ഫാക്ടറികളിൽ 9 എണ്ണമാണ് ഇപ്പോഴും അടഞ്ഞുകിടക്കുന്നത്. സംസ്ഥാന തലത്തിലുള്ള ബാങ്കുകളുടെ കമ്മിറ്റി 27-12-1988-ൽ കൂടി എടുത്ത തീരുമാനത്തിന്റെ വെളിച്ചത്തിൽ ഓട് വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ കാനറാ ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക്, ഇന്ത്യൽ ബാങ്ക്, കേരളാ ഫൈനാൻഷ്യൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളും അടങ്ങുന്ന ഒരു ഉപ കമ്മിറ്റിയെ ചുമതലപ്പെടുത്തി. ആ കമ്മിറ്റിയുടെ റിപ്പോർട്ടുകളും താഴെ പറയുന്നവയാണ്. ഒരു കാലത്ത് മറ്റുള്ള സംസ്ഥാനങ്ങളിൽ ഓട് അയച്ചുകൊണ്ടിരുന്നു. എന്നാൽ പിൽക്കാലത്ത് ഉല്പാദന ചെലവ് വർദ്ധിച്ചതുകൊണ്ട് കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ഓട് മറ്റ് സംസ്ഥാനങ്ങളിൽ വില്ക്കാൻ നിവൃത്തിയില്ലാതെ വന്നിരിക്കുന്നു. ഇപ്പോൾ തമിഴ്നാട് മാത്രമാണ് വാങ്ങുന്നത്. കോഴിക്കോടും കൊല്ലത്തുമുള്ള ഓട് കമ്പനികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ വേണ്ട മോഡനൈസേഷൻ വേണം. ആവശ്യത്തിലധികമായി ഉപയോഗിക്കുന്ന ജോലിക്കാരുടെ എണ്ണം കുറയ്ക്കണം. പ്രൊഡക്ടിവിറ്റി കൗൺസിൽ മുഖാന്തിരം ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഓരോ ഫാക്ടറിയിലും വർക്ക്സ് സ്റ്റഡി നടത്തണം. ആകെ, സംസ്ഥാനത്തുള്ള 400 ഓട് ഫാക്ടറികളിൽ 25 എണ്ണത്തിൽ മാത്രമേ ഫോം ആൻഡ് കെലൻ ഉപയോഗിക്കുന്നുള്ളൂ. കൂടുതൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള മാതൃകയിലുള്ള കെലനുകളും മറ്റുള്ള വ്യവസായ സ്ഥാപനങ്ങളും ഉപയോഗിക്കേണ്ടതാണ്. പ്രത്യേകിച്ച് ഇപ്പോഴത്തെ വിറകിന്റെ വില കൂടുതൽ കൊണ്ട് പഴയ മാതൃകയിൽ ഉല്പാദനം നടത്താൻ ഉദ്ദേശിക്കുന്ന യൂണിറ്റുകളും പുതിയതായി തൃശ്ശൂർ, കോഴിക്കോട്, കൊല്ലം തുടങ്ങിയ ജില്ലകളിൽ തുടങ്ങിയിരിക്കുകയാണ്. ഈ വ്യവസായ യൂണിറ്റുകളും കല്ക്കരി ഉപയോഗിക്കുന്നവയാണ്. എന്നാൽ കല്ക്കരി കേരളത്തിൽ സുലഭമായി കിട്ടാത്തതുകൊണ്ട് സുലഭമായി കിട്ടുന്നതിന് പുതിയ കോം പ്ലക്സ് സ്ഥാപിക്കുന്നതാണ്. ഗവൺമെൻറും ഓട് വ്യവസായ അസോസിയേഷനും കൂടി ചേർന്ന് ഒരു ഗവേഷണ കേന്ദ്രം തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ തുടങ്ങുന്നത് നല്ലതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരുമായി മോഡനൈസേഷനെ സംബന്ധിച്ച് ഒരു ചർച്ച നടന്നു. രണ്ടാമത് ചർച്ചയ്ക്ക് ഇനിയും ഗവൺമെൻറ് തയ്യാറാണ്. ഗവൺമെൻറ് ഇതിനു മുൻപ് പണം കൊടുത്തിരിക്കുന്നതുപോലെ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറ് പണം കൊടുക്കുന്ന ഡിപ്പാർട്ടുമെൻറല്ല. പണം ഫൈനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസാണ് ഇപ്പോൾ കൊടുത്തുവരുന്നത്.

(23) പെരുവമുഴി പാലത്തിന്റെ പണി

ശ്രീ. ഗോപി കോട്ടമുറിക്കൽ: കഴിഞ്ഞ 20 വർഷക്കാലമായി പതിനായിരക്കണക്കിന് ജനങ്ങൾ ശക്തിയായ പ്രക്ഷോഭണ സമരങ്ങളിൽ ഏർപ്പെട്ടുവരുന്ന ഒരു പ്രധാനപ്പെട്ട കാര്യമാണ് പിറവം, കുന്നത്തുനാട്

LIBRARY ARCHIVES Kerala Legislative Assembly

എന്നീ രണ്ടു നിയോജകമണ്ഡലങ്ങളെ പരസ്പരം ബന്ധപ്പെടുത്തുന്ന പെരുവമുഴി പാലത്തിന്റെ നിർമ്മാണം. സാമ്പത്തിക പരിമിതി മൂലം ഏറ്റെടുക്കാൻ നിവൃത്തിയില്ലെന്നു പറയാൻ പാടില്ലാത്ത ഒരു പ്രധാനപ്പെട്ട കാര്യമായതുകൊണ്ട് ഗവൺമെന്റിന്റെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ): ഈ പാലം പണിയുന്നതിനുള്ള ഒരു നിർദ്ദേശം ഗവൺമെന്റിന്റെ മുമ്പിൽ ഉണ്ടായിരുന്നു. അതിന്റെ പഠനങ്ങളും നടത്തി, അലൈൻമെന്റും ഏതാണ്ട് തീരുമാനിച്ചിട്ടുള്ളതാണ്. ഇൻവെസ്റ്റിഗേഷൻ നടത്തി എസ്റ്റിമേറ്റ് ഉണ്ടാക്കുമ്പോൾ 121 ലക്ഷം രൂപ ചെലവു വരും. ബഹുമാനപ്പെട്ട മെമ്പർ പ്രതീക്ഷിച്ചതു പോലെതന്നെ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടാണ് തുടങ്ങാതിരുന്നത്. പരിമിതിക്കകത്ത് ഒതുങ്ങിനിന്നുകൊണ്ട് ഈ പ്രവൃത്തിയെക്കുറിച്ച് പരിഗണിക്കാവുന്നതാണ്,

(24) കോളേജുകൾ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം

ശ്രീമതി റോസമ്മ ചാക്കോ: ഇടുക്കി ഡിസ്ട്രിക്ടിൽ തൊടുപുഴ മാത്രമാണ് ഡിഗ്രി കോളേജുള്ളത്. മൂലമറ്റം സെന്റ് സേവ്യേഴ്സ് കോളേജും മുരിക്കാശ്ശേരി പാവനാത്മാ കോളേജും അപ്ഗ്രേഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പല നിവേദനങ്ങളും കിട്ടിയിട്ടുണ്ട്. യൂണിവേഴ്സിറ്റിയും സിൻഡിക്കേറ്റും അതിന് അനുവാദം നൽകിയിട്ടുണ്ട്. ഈ രണ്ടു കോളേജുകളും അപ്ഗ്രേഡ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. ചന്ദ്രശേഖരൻ): കോളേജുകൾ അപ്ഗ്രേഡ് ചെയ്യാനുള്ള നടപടി എല്ലാ സർവ്വകലാശാലകളിൽനിന്നും നിർദ്ദേശം കിട്ടിയതിനുശേഷം തുടങ്ങുന്നതാണ്. ഏതു കോളേജ് അപ്ഗ്രേഡ് ചെയ്യണം എന്നുള്ള കാര്യത്തെക്കുറിച്ച് അവസാന തീരുമാനമൊന്നും എടുത്തിട്ടില്ല.

(25) റിട്ടയർമെന്റാനുകൂല്യങ്ങൾ നൽകാനുള്ള കാലതാമസം

ശ്രീമതി നബീസാ ഉമ്മാൾ: കോളേജുകളിൽ ആഡിറ്റും ആഡിറ്റ് ഒബ്ജക്ഷൻ ക്ലിയറൻസുമൊക്കെ കാലാകാലങ്ങളിൽ നടത്താത്തതുകൊണ്ട് പെൻഷൻപറ്റി അഞ്ചും ആറും വർഷം കഴിഞ്ഞ അദ്ധ്യാപകർക്കുപോലും ഫാമിലി ബെനിഫിറ്റ് സ്കീമോ ഡി. സി. ആർ. ജി.-യോ കിട്ടുന്നില്ല എന്നുള്ള പരാതി നിരവധി സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും കിട്ടിയിട്ടുണ്ട്. ദയവായി ഇക്കാര്യം ഗവൺമെന്റ് അന്വേഷിക്കണം. ആഡിറ്റ് നടത്തുന്ന സന്ദർഭങ്ങളിൽ എല്ലാ ബുക്കുകളുമെടുത്ത് കാണിക്കാൻ ആഫീസിലുള്ളവർ പലപ്പോഴും വിസമ്മതിക്കുന്നു. എല്ലാ ലയബിലിറ്റിയും പ്രിൻസിപ്പൽമാരുടെ തലയിൽ വരുന്നതുകൊണ്ടുള്ള ബുദ്ധിമുട്ട് കുറച്ചൊന്നുമല്ല. കഴിഞ്ഞ നാലഞ്ചു വർഷക്കാലമായി ആഡിറ്റ് ക്ലിയറൻസ് കിട്ടാത്തതുകാരണം പല പ്രിൻസിപ്പൽമാരും പെൻഷൻ പറ്റിയിട്ട് അവർക്ക് ഈവക കാര്യങ്ങളൊന്നും കിട്ടിയിട്ടില്ല. ഫാമിലി ബെനിഫിറ്റ് ഒരു ഫാമിലി ഹെഡ്ഡേക്കായി മാറി എന്നാണ് അവരിൽ പലരും അവകാശപ്പെടുന്നത്. ദയവുചെയ്ത് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തണം.

LIBRARY ARCHIVES Kerala Legislative Assembly